## Three of our retiring employees sharing their work experience with 'Samanwayam'

*Interview*
*Joseph Sebastian*

# വിട... സന്തോഷത്തോടെ...



**രാജ്യ വികസനത്തിന് നിർണ്ണായക പങ്കുവഹിക്കുന്ന ഒരു തുറമുഖതൊഴിലാളിയായി 32 വർഷം പ്രവർത്തിക്കാൻ കഴിഞ്ഞതിൽ അഭിമാനം കൊള്ളുകയും അതിൽ അവസാന ഏതാനും വർഷങ്ങൾ I.G.Tയുടെ അത്യന്താധുനിക തൊഴിൽ അന്തരീക്ഷത്തിൽ പ്രവർത്തിക്കാൻ കഴിഞ്ഞതിലെ സന്തോഷവുമായാണ് വൈപ്പിൻ, ഓച്ചന്തുരുത്ത് നിവാസിയായ മുട്ടുങ്കൽ വീട്ടിൽ ജോസഫ് സെബാസ്റ്റ്യൻ വിരമിക്കുന്നത്. തന്റെ ഔദ്യോഗിക ജീവിതാനുഭവങ്ങൾ ജോസഫ് സെബാസ്റ്റ്യൻ 'സമന്വയ'വുമായി പങ്കുവയ്ക്കുന്നു.**

**Q** ദ്വീപുകൾ കടന്ന് പണ്ട് എങ്ങനെയാണ് ഈ വില്ലിംഗ്ടൺ ഐലന്റിൽ ജോലിയ്ക്കെത്തിയിരുന്നത്?

അന്ന് ജോലിക്കെത്താൻ ബോട്ട് മാത്രമാണ് ആശ്രയം. പലപ്പോഴും വൈപ്പിനിൽ നിന്ന് ബോട്ടിൽ തിക്കും തിരക്കും സഹിച്ച്, ചിലപ്പോൾ ബോട്ട് കിട്ടാതെ കറങ്ങിതിരിഞ്ഞ് വളരെ ക്ലേശം സഹിച്ചുള്ള യാത്രകൾ ആയിരുന്നു.

**Q** വിദ്യാഭ്യാസം? ജോലി?

S.S.L.C കഴിഞ്ഞ് ടൈപ്പ്റൈറ്റിങ്ങ് പഠിച്ചു. ആദ്യം DLB റ്റാലി ക്ലാർക്ക് ആയി ജോലിയിൽ പ്രവേശിച്ചു. പിന്നീട് കപ്പലിൽ കാർഗോ കയറ്റുന്നതിൽ പിൻതുണ നൽകുന്ന റൈറ്ററുടെ ജോലിയിലേയ്ക്ക് പ്രൊമോഷൻ.

**Q** ഈ ജോലിയിൽ എത്രമാത്രം സംതൃപ്തി തോന്നിയിരുന്നു?

എനിക്ക് നൂറുശതമാനം സംതൃപ്തി നൽകിയ ജോലിയായിരുന്നു ഇത്. രാജ്യത്തിന്റെ പ്രത്യേകിച്ച് കൊച്ചിയുടെ വികസനത്തിന് പങ്കാളിയാകാൻ കഴിഞ്ഞതിന്റെ ആത്മസംതൃപ്തിയുണ്ട്.

**Q** തുറമുഖങ്ങൾ പലതും ഇന്ന് പൊതുമേഖലയുടെ നിയന്ത്രണത്തിൽ നിന്നും സ്വകാര്യമേഖലയിലേയ്ക്ക് പോവുമ്പോൾ എന്തെങ്കിലും വ്യത്യാസം തോന്നുന്നുണ്ടോ?

തീർച്ചയായും എല്ലാ മേഖലകളിലും കാര്യക്ഷമത വർദ്ധിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് നല്കുന്ന ഇൻസെന്റീവിൽ വർദ്ധനയുണ്ട്. മെച്ചമായ കാന്റീൻ സൗകര്യം ഇവയെല്ലാം എടുത്തുപറയേണ്ടതുതന്നെ. തൊഴിലാളികൾക്ക് സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിൽ പതിന്മടങ്ങ് പുരോഗതിയുണ്ട്.

പക്ഷേ ഇതുപോലൊരു മൾട്ടി നാഷണൽ കമ്പനിയിലേയ്ക്ക് ഡെപ്യൂട്ടേഷനിൽ വരുമ്പോൾ ഒരു ഡെപ്യൂട്ടേഷൻ അലവൻസ് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു. അത് ഇതുവരെയും സാധ്യമായില്ല. അതിലൊരു വിയോജിപ്പുണ്ട്.

**Q** തൊഴിൽ സൗകര്യമൊരുക്കുന്നതിൽ എടുത്തുപറയാവുന്ന കാര്യങ്ങൾ ഏതെല്ലാമാണ്?

എല്ലാരംഗങ്ങളിലും മാനേജ്മെന്റിന്റെ ശ്രദ്ധയുള്ളത് വളരെ ആശ്വാസപ്രദമാണ്. ഒരു ചെറിയ പ്രതിസന്ധിപോലും താമസം വരുത്താതെ പരിഹരിക്കാൻ കഴിയുന്നുണ്ട് കണ്ടെയ്നർ ലോറികൾ കടന്നു പോകുന്ന പാതകൾ പൊടിപറക്കാതിരിക്കാൻ നനച്ചിടുന്നതും, കൊതുക് നിവാരണത്തിന് കാനകൾ മരുന്നു തളിച്ച് വൃത്തിയാക്കുന്നതുമെല്ലാം ഇവിടെ വളരെ പ്രയോജനം ചെയ്യുന്നുണ്ട്.

**Q** ഭാവി പരിപാടികൾ?

ഇനി വിശ്രമജീവിതം. എന്റെ കൊച്ചുനാട്ടിൽ നിരവധി സൗഹൃദങ്ങളുണ്ട്.. പിന്നെ ഭാര്യ ചിന്നമ്മയും രണ്ടു മക്കളും അടങ്ങുന്ന കുടുംബം...

**Q** IGTയുമായ് സഹകരിച്ചു പ്രവർത്തിക്കുമ്പോൾ ഈ സ്ഥാപനവുമായ് എത്രത്തോളം സൗഹൃദം പുലർത്താൻ കഴിഞ്ഞു?

തികച്ചും സൗഹൃദപരമായ അന്തരീക്ഷമാണ് ഇവിടെയുള്ളത്. തൊഴിലാളികളുടെ ജീവിതത്തിലെ പല വിശേഷ നിമിഷങ്ങളിലും എല്ലാവരും ഒത്തു കൂടാൻ വേണ്ട ആഘോഷ മുഹൂർത്തങ്ങൾ ഒരുക്കാറുണ്ട്. അതൊക്കെ എനിക്കെന്നും നല്ല ഓർമ്മകളാണ്. ഇവിടത്തെ ടൂർ പ്രോഗ്രാമുകൾക്കൊക്കെ വരണമെന്ന് അവർ പറയാറുണ്ട്. ഞാൻ വരും.

*Interview*
*V.R. Cleetus*

# അനുഭവസാക്ഷ്യങ്ങൾ; അഭിമാനനിമിഷങ്ങൾ



**അറിയുവാനുള്ള ആവേശത്തിൽ ഒരു ഹീറോഹോണ്ട ബൈക്ക് പൂർണ്ണമായും അഴിച്ച് അതിന്റെ പാർട്ട്സുകൾ ഓരോന്നായി മനസിലാക്കാൻ ശ്രമിച്ച ആത്മധൈര്യമാണ് തന്നെ ഒരു 'മോട്ടോർ മെക്കാനിക്ക്' എന്ന തൊഴിലിൽ പ്രാവീണ്യം നേടുന്നതിൽ എത്തിച്ചതെന്ന് ഓർക്കുന്നു ചുള്ളിക്കൽ വലിയ പറമ്പിൽ വീട്ടിൽ വി. ആർ. ക്ലീറ്റസ്. 33 വർഷത്തെ സേവനത്തിനുശേഷം ഫോർമാൻ ആയാണ് ഇദ്ദേഹം വിരമിക്കുന്നത്.**

**Q** ഇത്രയും വർഷത്തെ സേവനത്തിനു ശേഷം തിരിഞ്ഞു നോക്കുമ്പോൾ എന്തു തോന്നുന്നു?

തൊഴിലിലും ഈ സ്ഥാപനത്തിന്റേയും അത്ഭുതകരമായ വളർച്ചയ്ക്ക് ഒരു അനുഭവസാക്ഷി ആകാൻ കഴിഞ്ഞതിൽ അങ്ങേയറ്റം അഭിമാനവും ആത്മസംതൃപ്തിയുമുണ്ട്.

**Q** എന്തെല്ലാം പുരോഗതികൾ ആണ് നമുക്ക് കാണാൻ കഴിയുന്നത്?

കയറ്റിറക്കുമതിയിൽ ഒന്നര ദിവസം കൊണ്ട് ചെയ്തിരുന്ന ജോലികൾ ഇപ്പോൾ ഒരു ഷിഫ്റ്റിൽ തന്നെ തീർക്കാൻ കഴിയുന്ന വേഗത്തിലുള്ള പ്രവർത്തനം കാണാൻ കഴിയും. നമ്മുടെ ഉദ്യോഗസ്ഥരുടേയും മറ്റു തൊഴിലാളികളുടേയും ആത്മാർത്ഥമായ സഹകരണമാണ് ഇതിന് പിന്നിൽ. ഇന്ന് വാഹനങ്ങൾക്ക് കേടുപാടുകൾ വന്നാൽ സെക്കന്റുകൾക്കകം ഉപകരണങ്ങൾ വാങ്ങാനും പണിതീർത്ത് നിരത്തിലിറക്കാനും കഴിയുന്നുണ്ട്.

**Q** ഏറ്റവും സന്തോഷം തോന്നിയ നിമിഷങ്ങൾ?

ഒരു വണ്ടി കേടുവന്നാൽ വളരെ പെട്ടെന്ന് തന്നേ ഏത് ഭാഗത്താണ് കുഴപ്പം എന്ന് മനസ്സിലാക്കുകയും അത് പരിഹരിക്കാൻ കഴിയുകയും ചെയ്യുമ്പോൾ കിട്ടുന്ന സന്തോഷം അളവറ്റതാണ്. 30 വർഷം ഒരേ ഫീൽഡിലുള്ള അനുഭവങ്ങളാണ് ഇതിന് സാധ്യമാക്കിയത്.

**Q** സഹപ്രവർത്തകരുമായ് എത്രമാത്രം സൗഹൃദം പുലർത്താൻ കഴിഞ്ഞിട്ടുണ്ട്?

നൂറല്ല. നൂറ്റിയൊന്നു ശതമാനവും എല്ലാവരുമായ് സൗഹൃദം പുലർത്താൻ കഴിഞ്ഞിട്ടുണ്ട്. മാനേജർമാരെല്ലാം ഓരോ തൊഴിലാളികളോടും അടുത്ത് നില്ക്കുന്ന അനുഭവം, ഇവരെ ഏതു നേരത്തും നമുക്ക് വിളിക്കാം. സഹായം തേടാം.

**Q** നിലവിലുള്ള തൊഴിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് അങ്ങയുടെ നിർദ്ദേശം?